പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3670

17-12-2015 - ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് ധനസഹായം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.ഷാഫി പറമ്പിൽ :** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | മീൻപിടുത്തത്തിനിടയിൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ കുടുബത്തിന് ധനസഹായത്തിന് കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ; | എ) | ഉണ്ട്. മത്സ്യബന്ധനത്തിനിടയിൽ അപകടം മൂലം മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, ആം ആദ്മി ബീമയോജന പദ്ധതി, മത്സ്യഫെഡ് മുഖേന വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി എന്നിവ വഴി ധനസഹായം അനുവദിച്ചുവരുന്നു. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | സമൂഹത്തിന്റെ താഴെതട്ടിലുള്ള മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ സാമൂഹ്യപുരോഗതിയും സുരക്ഷിതത്വവും ഉറപ്പു വരുത്തുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |
| സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | സി) | കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ് മുഖേന മത്സ്യബന്ധനത്തിനിടയിൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഇൻഷുറൻസ് ധനസഹായം നൽകുന്നതിനായി കാലാകാലങ്ങളിൽ ഇൻഷുറൻസ് പുതുക്കിവരുന്നു.<br>മത്സ്യഫെഡ് മുഖേന നടപ്പ് സാമ്പത്തിക വർഷം(2015-16) യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി 2016 മാർച്ച് 31 വരെ പ്രാബല്യത്തിലുണ്ട്. ഇതിനുള്ള അപേക്ഷ മത്സ്യഫെഡിന്റെ സംഘം/ ക്ലസ്റ്റർ /ജില്ലാ ആഫീസുകളിൽ നിന്ന് |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതാണ്. മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതം, ഉയർന്ന രക്തസമ്മർദ്ദം, മസ്തിഷ്ക്കാഘാതം എന്നിവമൂലം മരിച്ച മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഒരുലക്ഷം രൂപ വീതം നൽകുന്ന പദ്ധതി മത്സ്യഫെഡ് നേരിട്ട് നടപ്പിലാക്കി വരുന്നു. ഇതിനുള്ള അപേക്ഷ മത്സ്യഫെഡിന്റെ സംഘം/ ക്ലസ്റ്റർ/ ജില്ലാ ആഫീസുകളിൽ നിന്ന് ലഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**